# കേരള കാർഷിക സർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്

കാസറഗോഡ്–671310, 0467 226632, rarspil@kau.in


ബി3-3136/2024 തീയതി: 16.08.2024

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് സപ്പോട്ട തൈ ഉല്പാദിപ്പിക്കുന്നതിന് ഗ്രാഫ്റ്റ് ചെയ്യാൻ പോളിബാഗിൽ നട്ടുവളർത്തി ഗ്രാഫ്റ്റ് ഒട്ടിക്കാൻ പാകമായ **കിർണി തൈകൾ** 5000 എണ്ണം കരാർ പ്രകാരം എത്തിച്ചുതരാൻ താല്പര്യമുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള സീൽ ചെയ്ത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | ബി3-3136/2024 |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | **22.08.2024 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് ഉറക്കുന്ന തീയ്യതി | **22.08.2024 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് കാലാവധി | **3 മാസം** |
| നിരത ദ്രവ്യം | **1500/-** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിന്റെ പുറത്ത് രേഖപ്പെടുത്തേണ്ടത്. | **കിർണി തൈകൾ വിതരണ ചെയ്യുന്നതിനുള്ള ദർഘാസ്** |

- താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ, പോളിബാഗിൽ നട്ടുവളർത്തി ഗ്രാഫ്റ്റ് ഒട്ടിക്കാൻ പാകമായ **കിർണി തൈകൾ കേന്ദ്രത്തിൽ എത്തിച്ച് ഫാം ഉദ്യോഗസ്ഥരുടെ നിർദേശാനുസരണം ഇറക്കിത്തരുന്നതിനുള്ള നിരക്ക് ഒരു കിർണി തൈയ്ക്ക് എത്രയെന്ന് കൃത്യമായി ദർഘാസിൽ രേഖപ്പെടുത്തേണ്ടതാണ്.** എല്ലാവിധ നികുതികൾ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്
- കിർണി തൈകൾ കേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള ചരക്ക് കൂലിയും കടത്ത് കൂലിയും (ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന സ്ഥലത്ത് ഇറക്കി നൽകൽ) കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

**നിബന്ധനകൾ:**

1. പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ **22.08.2024 ന് ഉച്ചയ്ക്ക് 3 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ അയക്കേണ്ടതോ ആണ്.**
2. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ ഉറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
3. വിജയിക്കുന്ന ദർഘാസുകാരൻ ആകെ തുകയുടെ 5% സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്.
4. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

-മറുപുറം-

5. **കിർണി തൈകൾ** വിതരണം ചെയ്തതിനു ശേഷം ബിൽ ഹാജരാക്കിയാൽ ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷം തുക ചെക്ക്/ബാങ്ക് അക്കൗണ്ട് മുഖേന അനുവദിക്കുന്നതായിരിക്കും.
6. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(അസോസിയേറ്റ് ഡയറക്ടർക്കുവേണ്ടി)

പകർപ്പ്:

1. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
2. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
3. വാട്ട്സാപ്പ് ഗ്രൂപ്പ്
4. വെബ്സൈറ്റ്
5. ഓഫീസർ i/c ഫാം.
6, ഓഫീസർ i/c ഹോർട്ടികൾച്ചർ നഴ്സറി

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ